# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, വയനാട്

SL.No.2/10/DOW നോർത്ത് കൽപ്പറ്റ

കാററഗറി നമ്പർ : **307/2007** തീയതി : 10-11-10

## <u>വിജ്ഞാപനം</u>

15.09.07 തീയ്യതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം വയനാട് ജില്ലയിൽ **വിദ്യാഭ്യാസ വകുപ്പിൽ 6680–10790** രൂപ ശമ്പള നിരക്കിൽ **എൽ.പി.സ്കൂൾ അസിസ്റ്റന്റ് (മലയാളംമാധ്യമം) (SIUC N/AI വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം)** തസ്തികയിലേക്കുളള (കാറ്റഗറി നമ്പർ 307/2007) തെരഞ്ഞെടുപ്പിനായി 31-12-09 തീയ്യതിയിൽ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ ഇന്റർവ്യൂവിന് വിളിക്കപ്പെടുവാൻ സോപാധികമായി അർഹരാണെന്നുക ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ ചുരുക്കപ്പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

പരീക്ഷയുടെ രജിസ്റ്റർ നമ്പറിന്റെ ക്രമത്തിൽമാത്രമാണ് ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല..

രജിസ്റ്റർ നമ്പറുകൾക്ക് മുമ്പിലായി ' W ' എന്ന് ചേർത്ത് വായിക്കേതാണ്.

## <u>ചുരുക്കപട്ടിക</u>

| | | | | | |
|---|---|---|---|---|---|
| **140001** | **140002** | **140003** | **140004** | **140005** | **140006** |
| **140007** | **140008** | **140009** | **140010** | **140011** | **140014** |
| **140015** | **140016** | **140019** | | | |

<u>കുറിപ്പ്: (1)</u> അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ തികച്ചും സോപാധികമായിട്ടാണ് ഈ പട്ടികയിൽ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

(2) ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുളള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുളളത്. അപേക്ഷയിൽ എഴുതാത്ത യാതൊരു അവകാശവും തുടർന്ന് സ്വീകരിക്കുന്നതല്ല.

(3) ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുളള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ – അതായത് യോഗ്യത, ജനനതീയ്യതി, ജാതി എന്നിവയും മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിനാവശ്യമായ പ്രമാണങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൾ (നേരത്തെ ഹാജരാക്കാത്തവർ) അസ്സൽ പ്രമാണങ്ങളുടെ സൂക്ഷ്മ പരിശോധന സമയത്ത് ഹാജരാക്കേതാണ്. അഭിമുഖത്തിനുശേഷം ആവശ്യമായ

പ്രമാണങ്ങളുടെ പകർപ്പുകൾ, നിശ്ചിത സമയ പരിധിക്കുള്ളിൽ ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളുടേയും അപേക്ഷയിൽ മറ്റ് എന്തെങ്കിലും ന്യൂനതകൾ ഉള്ളതായി കണ്ടെത്തുന്ന ഉദ്യോഗാർത്ഥികളുടെയും രജിസ്റ്റർ നമ്പറുകൾ ഒരറിയിപ്പും കൂടാതെ തന്നെ ഈ ചുരുക്കപ്പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

പരീക്ഷയിൽ 20 ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥിക ളെയാണ് ഈ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. .

ഈ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ, 26-09-2009 ലെ സർക്കാർ ഉത്തരവ് നം. 81/2009/എസ്.സി/എസ്.റ്റി.ഡി.ഡി പ്രകാരം നോൺ–ക്രീമീലെയർ സർട്ടിഫിക്കറ്റ് അഭിമുഖത്തിന്റെ സമയത്ത് ഹാജരാക്കേതാണ്. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ–ക്രീമീലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം അവരുടെ രജിസ്റ്റർ നമ്പറുകൾ ഒരറിയിപ്പും കൂടാതെ തന്നെ ഈ ചുരുക്കപ്പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

അഭിമുഖത്തിനുള്ള തീയതി, സമയം, സ്ഥലം പിന്നാലെ അറിയിക്കുന്നതാണ്.

നിലവിലുള്ള നടപടിക്രമമനുസരിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ഉത്തരക്കടലാസ് പുന:പരിശോധന നടത്തുന്നതല്ല. എന്നാൽ, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവരുൾപ്പെടെ എല്ലാ ഉദ്യോഗാർത്ഥികൾക്കും ഉത്തരക്കടലാസുകൾ പുന:പരിശോധിക്കാൻ അവസരം ലഭിക്കുന്നതാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനത്തോടൊപ്പം ഉായിരിക്കുന്നതാണ്.

**(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)**

**ജില്ലാ ഓഫീസർ**
**കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, വയനാട്.**

**Pjb/WS(1)/SL folder**